# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/261/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P4/261/2023 തീയ്യതി: 05/04/2023

## കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-12-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 19-01-2023 | 30-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-01-2023 | 30-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്ത്കുമാർ ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി അമ്പിളി ജി. സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദിവ്യ ജയകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ബാബുരാജ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ബെന്നി മൈക്കിൾ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി അഞ്ജന | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സൂസൻ ബ്രൂണോ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. സാടിയാ വാഷിംഗ്ടൺ | വെറ്റിനറി സർജ്ജൻ | 01-04-2021 | 03-08-2021 |
| ഡോ. മോഹനൻ കെ. | വെറ്റിനറി സർജ്ജൻ | 04-08-2021 | 13-01-2022 |
| ഡോ. സാടിയാ വാഷിംഗ്ടൺ | വെറ്റിനറി സർജ്ജൻ | 14-01-2022 | 31-03-2022 |
| ഡോ. ജൂന | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ. സരിത കോലരത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി ആര്യ പി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-01-2022 |
| ശ്രീമതി രാജലക്ഷ്മി എസ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-02-2022 | 31-03-2022 |
| ശ്രീമതി അജിത എം. വി. | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി വിദ്യ കെ.എസ്. | വി.ഇ.ഒ. | 01-04-2021 | 22-09-2021 |
| ശ്രീ. നിധീഷ്ദേവ് | വി.ഇ.ഒ. | 11-11-2021 | 31-03-2022 |
| ശ്രീമതി ഷീബാ ഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 04-07-2021 |
| ശ്രീ. വിഷ്ണു | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-07-2021 | 31-03-2022 |
| ശ്രീമതി അജിത എൽ. | അസി. എഞ്ചിനീയർ | 01-04-2021 | 23-07-2021 |
| ശ്രീ. പ്രവീൺ പി.കൃഷ്ണൻ | അസി. എഞ്ചിനീയർ | 26-07-2021 | 16-08-2021 |
| ശ്രീ. രാജേന്ദ്രൻ | അസി. എഞ്ചിനീയർ | 16-08-2021 | 31-03-2022 |
| ശ്രീ. അജയകുമാർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി മല്ലിക | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷിഹാന ഷിഹാബ് | എം.ജി.എൽ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കിലെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | സാമൂഹ്യസുരക്ഷപെൻഷൻ - മരണശേഷവും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് പെൻഷൻ തുക കൈമാറി. | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-11 |
| 14 | റേഷൻ ഷോപ്പുകൾ ലൈസൻസില്ലാതെയും തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു. | 1-12 |
| 15 | കോവിഡ് പ്രതിസന്ധിയെ തുടർന്ന് ജീവനക്കാരിൽ നിന്ന് മാറ്റിവെച്ച ശമ്പളം തിരികെ നൽകിയത് - അധികമായി നൽകി. | 1-13 |
| 16 | വയോജനങ്ങൾക്കുള്ള കട്ടിൽ വിതരണം - അപേക്ഷകൾ ലഭ്യമാക്കിയില്ല. | 1-14 |
| 17 | നികുതിയിനത്തിലെ നിരക്ക് വ്യത്യാസം - അധിക ചെലവ് തുക നിരാകരിക്കുന്നു. | 1-15 |
| 18 | അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തി - 28,81,031/- രൂപയുടെ പദ്ധതി ചെലവ് നിഷ്ഫലമായി | 1-16 |
| 19 | അക്രഡിറ്റേഷൻ ഇല്ലാത്ത ഏജൻസിക്ക് പ്രവൃത്തി ടെൻഡർ കൂടാതെ നൽകി. | 1-17 |
| 20 | ഗുണഭോക്തൃ വിഹിതം ഒടുക്കു ഉറപ്പാക്കാതെ വാട്ടർ കണക്ഷന് തുക നൽകി. | 1-18 |
| 21 | വെള്ളക്കരം ഒടുക്ക് തുക അടുത്ത ഡിമാന്റിൽ കുറവു ചെയ്യുന്നില്ല. | 1-19 |
| 22 | വാങ്ങിയ വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല. | 1-20 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | നികുതിയിനത്തിലെ നിരക്ക് വ്യത്യാസം-അധിക ചെലവ് തുക നിരാകരിക്കുന്നു. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.02.2021 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 21.03.2022 തീയതിയിലെ 5(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2022 | 06/10/2022 | - | - |

### 1-2-1 വാർഷികകണക്കിലെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.വികസനഫണ്ട് ജനറലിന്റെ എ.സി.ആർ പ്രകാരമുള്ള ആകെ ചെലവു തുക സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

2. പതിനഞ്ചാം ധനകാര്യകമ്മീഷന്റെ ഫണ്ടിനങ്ങളിലുള്ള ചെലവുതുക വാർഷികകണക്കുകളും എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

3 ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ചെലവു കണക്കുകൾ വാർഷികകണക്കുകളും സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ലൈഫ് ജനറൽ എന്ന പ്രോജക്ടിനായി ചെലവഴിച്ച 4,80,000/-രൂപയും അനുപൂരക പോഷകാഹാരത്തിനായി ചെലവഴിച്ച 1,00,000/-രൂപയും കറവ പശു വളർത്തലിനായി ചെലവഴിച്ച 2,36,550/-രൂപയും സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

4 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ബഡ്സ് സ്കൂൾ വേതനവിതരണം എന്ന പ്രോജക്ടിന്റെ സുലേഖാ പ്രകാരമുള്ള തനതു ഫണ്ട് ചെലവ് 208491/- രൂപയും ബിൽ പ്രകാരമുള്ള യഥാർത്ഥ ചെലവ് 164747/- രൂപയും ആണ്. 43744/-രൂപയുടെ വ്യത്യാസം കാണുന്നു.

5 സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൌണ്ടിന്റെ 31-3-2022 നീക്കിബാക്കി 4003540 രൂപയാണ്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം ലയബിലിറ്റി ആയി ബാക്കി നിൽക്കുന്ന തുകയുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ഹെഡ് | തുക(രൂപ) |
|---|---|
| 320400104 | 1,60,000/- |
| 320700105 | 0 |
| 320700204 | 2876642/- |
| 320700205 | 444263/- |
| ആകെ | 3480905/- |

വ്യത്യാസം ആയ 522635/-രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6 ബാലൻസ് ഷീറ്റിൽ തിരികെ ഒടുക്കാൻ ബാക്കിയുള്ള (Secured Loan) ലൈഫ് ലോൺ ബാക്കിയുള്ള തുകയും പ്രീപെയ്ഡ് പ്രോഗ്രാം എക്സ് പെൻസായി കാണിച്ചിരിക്കുന്ന തുകയും തമ്മിലുള്ള വ്യത്യാസമായ 491406/-രൂപയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല

7. സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്റ്റോക്ക് ഇൻ ഹാൻഡ് ആയി ചേർത്തിരിക്കുന്ന രൂപയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8) അദർ ലയബിലിറ്റി എന്ന ഹെഡിൽ ചേർത്തിരിക്കുന്ന താഴെ പറയുന്ന തുകകൾ ഏതിനത്തിൽപ്പെട്ടവയെന്ന് വ്യക്തമല്ല.

| ഹെഡ് നമ്പർ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|
| 350300108 | 3144/- |
| 350400501 | 225000/- |

| | |
|---|---|
| 350200203 | 1744/- |

9) പഞ്ചായത്ത് ഫണ്ട് ജനറൽ നെഗറ്റീവ് ബാലൻസ് ആണ്.

10) താഴെ പറയുന്ന ഹെഡിൽ ചേർത്തിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

| ഹെഡ് | തുക(രൂപ) |
|---|---|
| Medical Education Ayurvedam - Manufacturing Of Medicine251110108 | 38,78,376/- |
| Revolving Fund For Kudumbasree Employment Progremme-Revolving Funds To Kudumbasree Societes 250160001 | 3,15,309/- |
| Calf Special Live Stock Protection 250110006 | 10,83,000/- |
| 250110102 Animal Husbandry -Infrastructure Maintenance Of Icdp Subcentre | 1,99,998/- |

11) B-3 Reserve എന്ന ഹെഡിൽ ചേർത്തിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

12) മത്സ്യകടവ് ലേലത്തിലെ വരവ് തുകകൾ Rent From Auditorium And Halls എന്ന ഹെഡിൽ ആണ് ചേർത്തിരിക്കുന്നത്.

13 Capital Work In Progress എന്ന ഹെഡിൽ മുൻബാക്കിയായി ചേർത്തിരിക്കുന്ന 5,00,000/-രൂപയുടെ ആസ്തി രൂപീകരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

14 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഏമർജൻസി മെഡിക്കൽ കൺസ്യൂമബിൾസ് (83/22) എന്ന പ്രോജക്ടിന്റെ തനതുഫണ്ട് ചെലവായ 50538/-രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

15 കേരളാ വാട്ടർ അതോറിറ്റിയ്ക്കും ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനും നൽകിയ ഡെപ്പോസിറ്റ് തുകകൾ റസീപ്റ്റ് ആന്റ് പേയ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

16 താഴെ പറയുന്ന പ്രവൃത്തികൾ സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു കാണുന്നില്ല.

| പ്രോജക്ട് | ചെലവ് |
|---|---|
| കറവ പശു വളർത്തൽ 156/22 | 5,50,000/-വികസനഫണ്ട് ജനറൽ<br>236550/-ബ്ലോക്ക് പഞ്ചായത്ത് ഷെയർ |
| ആട്ടു വളർത്തൽ 119/22 | 1,10,000/-വികസനഫണ്ട് ജനറൽ |

മേൽ അപാകത മൂലം വികസനഫണ്ട് (ജനറൽ) എ.സി.ആർ., സുലേഖ എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

17. ഐ.സി.ഡി.എസ്. കേന്ദ്രവിഹിതമിനത്തിലുള്ള ചെലവിനത്തിൽ വ്യത്യാസം നിലനിൽക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10660486/-രൂപ |
| വരവ് | 106971700/-രൂപ |
| ആകെ | 117632186/-രൂപ |
| ചെലവ് | 102063438/-രൂപ |
| നീക്കിയിരിപ്പ് | 15568748/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 2518/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 1350083/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18801921/- | 18801921/- | 17742000/- | 1059921/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12322473/- | 12322473/- | 11413000/- | 909473/- |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1345286/- | 1345286/- | 1211000/- | 134286/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – പെർഫോർമൻസ് ഗ്രാന്റ് | 0 | 3012750/- | 3012750/- | 2029429/- | 983321/- |
| മെയിന്റനൻസ്, റോഡ് | 0 | 7393746/- | 7393746/- | 3751870/- | 3641876/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 9134882/- | 9134882/- | 6959074/- | 2175808/- |
| | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 4955000/- | 4955000/- | 2005140/- | 2949860/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 3378024/- | 3378024/- | 2738501/- | 639523/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| MNREGS | 2427/- | 912185/- | 914612/- | 912207/- | 2405/- |
| ICDS | 419941/- | 1126807/- | 1546748/- | 1398149/- | 148599/- |
| സമ്പൂർണശുചിത്വം | 1023279/- | 2,00,000/- | 1223279/- | 228000/- | 995279/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| 320400199 | 219567/- | - | 219567/- | - | 219567/- |
| ശുചിത്വമിഷൻ | 3601065/- | - | 3601065/- | 1070154/- | 2530911/- |
| ലൈബ്രറി ഗ്രാന്റ് | - | 12910/- | 12910/- | 12910/- | |
| | | 73400/- | 73400/- | 68600/- | 4800/- |
| | 3,00,000/- | - | 3,00,000/- | - | 3,00,000/- |
| സാക്ഷരത | 4304/- | 133/- | 4437/- | - | 4437/- |
| കുടുംബശ്രീ – ചലഞ്ച്ഫണ്ട് | | 716546/- | 716546/- | 716546/- | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 27,00,000/- | 27,00,000/- | 13,70,000/- | 13,30,000/- |
| ടോട്ടൽ സാനിട്ടേഷൻ | 17165/- | - | 17165/- | - | 17165/- |
| ബഡ്സ് സ്കൂൾ | 707522/- | - | 707522/- | | 707522/- |
| കില ട്രെയിനിംഗ് | | 13149/- | 13149/- | 10250/- | 2899/- |
| ഖരമാലിന്യസംസ്കരണം | 8621/- | - | 8621/- | - | 8621/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 113863432/- | 150 | 65215900/- | 62 | 0 | 57% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2427/- | 912185/- | 914612/- | 912207/- | 2405/- |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31232135/- | 31232135/- | 31232135/- | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37680/- | 31 |
| കർഷകതൊഴിലാളി പെൻഷൻ | 639600/- | 42 |
| വിധവാപെൻഷൻ | 22851800/- | 1562 |
| വാർദ്ധക്യകാലപെൻഷൻ | 39052600/- | 2816 |
| വികലാംഗപെൻഷൻ | 7224100/- | 475 |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 741400/- | 47 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 390000/- | 13 |

## 1-7-1 സാമൂഹ്യസുരക്ഷപെൻഷൻ - മരണശേഷവും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് പെൻഷൻ തുക കൈമാറി.

പെരിനാട് ഗ്രാമപഞ്ചായത്തിലെ 2021-22 ലെ മരണരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പെൻഷണറുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐഡി | പെൻഷൻ തരം/തുക | മരണ തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | പാപ്പി.കെ.എ | 103430201378 | വാർദ്ധക്യകാല പെൻഷൻ | 11/12/21 | 12/21-2/22 | 6400/- |
| 2 | ബേബി | 103430202675 | വാർദ്ധക്യകാല പെൻഷൻ | 10/12/21 | 12/21-5/22 | 9600/- |
| 3 | മോഹനൻ നായർ | 103430203285 | വാർദ്ധക്യകാല പെൻഷൻ | 28/11/2021 | 11/21-5/22 | 10200/- |
| 4 | യേശുദാസൻ | 103430202497 | വാർദ്ധക്യകാല പെൻഷൻ | 30/11/21 | 11/21-11/22 | 20800/- |
| 5 | രോഹിണി.കെ | 103430201630 | വാർദ്ധക്യകാല പെൻഷൻ | 16/11/21 | 11/21-11/22 | 4800/- |
| 6 | ദീപു.എസ് | 103430400378 | വാർദ്ധക്യകാല പെൻഷൻ | 26/10/21 | 10/21-11/22 | 22400/- |
| 7 | ചന്ദ്രാമതിയമ്മ.കെ | 103430200570 | വാർദ്ധക്യകാല പെൻഷൻ | 30/10/2021 | 10/21-11/22 | 22400/- |
| 8 | ശാന്തമ്മ | 1032430600442 | വിധവ പെൻഷൻ | 9/09/2021 | 09/2021-11/22 | 9000/- |
| 9 | ഓമനയമ്മ | 103430200451 | വാർദ്ധക്യകാല | 30/8/21 | 08/21-9/21 | 3200/- |

| | | | | | | |
|---|---|---|---|---|---|---|
| | | | പെൻഷൻ | | | |
| 10 | സുകേശിനിയമ്മ | 103430200375 | വാർദ്ധക്യകാല പെൻഷൻ | 1-10-21 | 10/21-9/22 | 7200/- |
| 11 | ശശിധരൻപിള്ള | 103430200339 | വാർദ്ധക്യകാല പെൻഷൻ | 28/4/21 | 4/21-6/21 | 4800/- |
| 12 | വർഗീസ് വിൽഫ്രഡ് | 103430203750 | വാർദ്ധക്യകാല പെൻഷൻ | 31-12-21 | 12/21-1/22 | 3200/- |
| 13 | കെ.ലീല | 103430601638 | വിധവപെൻഷൻ | 19/3/22 | 3/22-5/22 | 4800/- |
| 14 | കർമ്മലി | 103430200162 | വാർദ്ധക്യകാല പെൻഷൻ | 30/5/21 | 5/21-8/21 | 6400/- |
| 15 | ഖാലിദ് കുട്ടി | 1034302011179 | വാർദ്ധക്യകാല പെൻഷൻ | 22/7/21 | 7/21-8/21 | 3200/- |
| 16 | ചന്ദ്രമതിയമ്മ | 103430200875 | വാർദ്ധക്യകാല പെൻഷൻ | 5/2/22 | 2/22-11/22 | 16000/- |
| 17 | ജോണി | 103430202434 | വാർദ്ധക്യകാല പെൻഷൻ | 3/3/22 | 3/22-11/22 | 11200/- |
| 18 | വിമലമ്മ | 103430201010 | വാർദ്ധക്യകാല പെൻഷൻ | 18/6/21 | 6/21-8/21 | 4800/- |

മുകളിൽ പറഞ്ഞ ഗുണഭോക്താക്കളിൽ നിന്ന് പെൻഷൻ തുക തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണെന്ന് ആരാഞ്ഞു നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാങ്കുകൾക്ക് രേഖാമൂലം അറിയിപ്പ് നൽകി തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.
അധികമായി കൈപ്പറ്റിയ തുക തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
എൻക്വയറി നം-12 തീയതി-27/1/23

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.23 ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10920/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല. ക്യാഷ് വെരിഫിക്കേഷൻ പരിശോധന സമയത്തെ ഡേ ബുക്ക് പ്രകാരമുള്ള തുക 10920/- രൂപയായിരുന്നു. എന്നാൽ ക്യാഷ് കൗണ്ടറിലെ തുകയുടെ ഭൌതിക പരിശോധനയിൽ 10689/- രൂപ മാത്രമാണ് ഉണ്ടായിരുന്നത്. 231/- രൂപയുടെ കുറവ് കണ്ടെത്തി. തുക കുറവ് വന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരു വ്യക്തി ലൈസൻസ് ഫീസ് ഒടുക്കിയതിൽ ബാലൻസ് തുക നൽകിയപ്പോൾ 230/- രൂപ അധികമായി നൽകിയതാണെന്നും, 1 രൂപ നാണയം മേശയുടെ താഴെ തട്ടിൽ വീണ കിടന്നതാണെന്നും മറുപടി നൽകി. തൊട്ടടുത്ത ദിവസം ക്യാഷ് ചെസ്റ്റ് പരിശോധിച്ചതിൽ ഡേ ബുക്ക് പ്രകാരമുള്ള തുകയായ 10920/-രൂപ കണ്ടെത്തി. ഫ്രണ്ട് ഓഫീസിൽ വരവു വരുന്ന തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനും മേൽനോട്ട ചുമതലയുള്ളവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ രസീതി നൽകി സ്വീകരിക്കുന്നു.സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം

ചെയ്ത് ചെലവ് ആധികാരികമാക്കുകയും വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് നടത്തിയ ക്യാഷ് പരിശോധനയിൽ തുക കുറവായി കാണപ്പെട്ടു.

ഗ്രാമപഞ്ചായത്തിന്റെ റോഡ്കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അഗീകാരം വാങ്ങുന്ന പദ്ധതികൾ മുഴുവനും നടപ്പിലാക്കി കാണുന്നില്ല. വിഭാവനം ചെയ്യുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-12-22 | 2022 ജൂലൈ മുതൽ 2022 സെപ്റ്റംബർ വരെ | 09-01-23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27/08/20 | 2014-15 മുതൽ 2019-20 വരെ | 11/11/2020 |

1-11 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1.താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും തൻവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | സർവ്വീസ് കോപറേറ്റീവ് ബാങ്ക്, ചെമ്മക്കാട് | I |
| 2 | സർവ്വീസ് കോപറേറ്റീവ് ബാങ്ക്, വെള്ളിമൺ | I |
| 3 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, ചെമ്മക്കാട് | II |
| 4 | മാവേലിസ്റ്റോർ | I,II |
| 5 | റൂറൽ ഹൌസിംഗ് കോപറേറ്റീവ് സൊസൈറ്റി | I |
| 6 | കാപെക്സ് | I,II |
| 7 | ആർ.പി. ഹോസ്പിറ്റൽ | I,II |
| 8 | ഇടവട്ടം ക്ഷീരസംഘം | I,II |
| 9 | വെള്ളിമൺ ക്ഷീരസംഘം | I,II |
| 10 | നാന്തിരിക്കൽ ക്ഷീരസംഘം | I,II |
| 11 | ചെമ്മക്കാട് ക്ഷീരസംഘം | I,II |

2. ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വെള്ളിമൺ ക്ഷീരസംഘം | I,II |
| 2 | നാന്തിരിക്കൽ ക്ഷീരസംഘം | I,II |
| 3 | ചെമ്മക്കാട് ക്ഷീരസംഘം | I,II |
| 4 | ഇടവട്ടം ക്ഷീരസംഘം | I, II |
| 5 | കുടുബശ്രീ അക്കൌണ്ടന്റ് | I,II |
| 6 | ഡ്രൈവർ, ഗ്രാമപഞ്ചായത്ത് ഓഫീസ് | I,II |
| 7 | ചന്ദനത്തോപ്പ്, റെയിൽവേ ഗേറ്റ് കീപ്പർ | I,II |
| 8 | മാമൂട്, റെയിൽവേ ഗേറ്റ് കീപ്പർ | I,II |
| 9 | കേരളപുരം, റെയിൽവേ ഗേറ്റ് കീപ്പർ | I,II |

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാർ, പഞ്ചായത്ത് പരിധിയിൽ മരാമത്ത് പണികൾ ഏറ്റെടുത്ത കരാറുകാർ എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും/ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി നല്കി.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13/27.01.23

### 1-12 റേഷൻ ഷോപ്പുകൾ ലൈസൻസില്ലാതെയും തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലെ റീട്ടെയിൽ റേഷൻ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ അടവാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി 31.10.2017ലെ ജി.ഒ.(പി) 80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്നും സിവിൽ സപ്ലൈസ് ഡയറക്ടർ (സി.എസ്.) എ.9-764/2019/22.01.2019 നമ്പർ കത്ത് മുഖേന ജില്ലാ സിവിൽ സപ്ലൈസ് ഓഫീസർമാർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. റേഷൻ വ്യാപാരികളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-13 കോവിഡ് പ്രതിസന്ധിയെ തുടർന്ന് ജീവനക്കാരിൽ നിന്ന് മാറ്റിവെച്ച ശമ്പളം തിരികെ നൽകിയത് - അധികമായി നൽകി.

പെരിനാട് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ നിന്ന് കോവിഡ് പ്രതിസന്ധിയെ തുടർന്ന് ഈടാക്കിയ ശമ്പളമിനത്തിലുള്ള തുക ഗവൺമെന്റ് ഉത്തരവ് പ്രകാരം തിരിച്ച് നൽകിയതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന 5 ജീവനക്കാർക്ക് തുക അധികം നൽകിയതായി കാണുന്നു. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | റിക്കവറി ഇനത്തിലുള്ള തുക | തിരികെ നൽകിയ തുക | അധികം നൽകിയ തുക | വൗച്ചർ നം., തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ബാബുരാജ്, സെക്രട്ടറി | 52553/- | 59903/- | 7350/- | 22100546/2.9.21 |
| 2 | ബിജു.വി., ക്ലർക്ക് | 14744/- | 29488/- | 14744/- | 22100546/2.9.21 |
| 3 | അനിത.പി., ക്ലർക്ക് | 13842/- | 27684/- | 13842/- | 22100546/2.9.21 |
| 4 | ഷിഹാന, ക്ലർക്ക് | 26404/- | 26750/- | 346/- | 22100546/2.9.21 |
| 4 | അരുൺ, ക്ലർക്ക് | 20178/- | 13452/- | 6726/- | 22100546/2.9.21 |

അധികം തുക നൽകിയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.10/27.01.23 ന് മറുപടിയായി തുക ഒടുക്കു വരുത്തിയ രസീതുകൾ ഹാജരാക്കിയിട്ടുണ്ട്.

1-14 വയോജനങ്ങൾക്കുള്ള കട്ടിൽ വിതരണം - അപേക്ഷകൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം - 79
എസ്.സി.പി.ഫണ്ട് അടങ്കൽ - 435000/-
ചെലവ് - 233610/-
ബിൽ നം21/21-22 തുക – 104825/- തീയതി-19.11.21
ബിൽ നം-24/21-22 തുക – 128785/- തീയതി-28.03.22

2121-22 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ. പ്രസ്തുത പദ്ധതി പ്രകാരം 60വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതാണ് പദ്ധതി. ടി പ്രോജക്റ്റ് പ്രകാരം 78 കട്ടിലുകൾ ടെണ്ടർ നടപടികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കൈപ്പള്ളിൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും2995/-രൂപ നിരക്ക് രേഖപ്പെടുത്തി എല്ലാ നികുതിയും ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം-209 തീയതി-23/3/22, ഇൻവോയ്സ് നം-181 തീയതി-18/2/22 എന്നിവ പ്രകാരം 78 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 75 കട്ടിലുകളുടെ വിതരണ രേഖകളാണ് ഹാജരാക്കിയത്. മൂന്നുപേരുടെ അപേക്ഷകളും വിതരണ രേഖകളും ഹാജരാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മൂന്നു പേരുടെ അപേക്ഷാ ഫോമുകൾ കണ്ടെത്തി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിതരണ വിവരങ്ങൾ ഹാജരാക്കാത്തതിനാൽ മൂന്നു കട്ടിലുകളുടെ വിലയായ 8985 രൂപ തടസ്സപ്പെടുത്തുന്നു. വിതരണ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
എൻക്വയറി നം-11 /തീയതി-27/1/23

1-15 നികുതിയിനത്തിലെ നിരക്ക് വ്യത്യാസം - അധിക ചെലവ് തുക നിരാകരിക്കുന്നു.

പ്രോജക്റ്റ് നം.217/22
തെരുവു വിളക്കുകൾക്ക് എൽ.ഇ.ഡി. ട്യൂബ് വാങ്ങൽ
അടങ്കൽ - 175000/- CFC
ചെലവുതുക - 174834/-
നിർവ്വഹണം – സെക്രട്ടറി

പദ്ധതി പ്രകാരം 883 ട്യൂബുകൾ സി.ആർ. ഏജൻജീസ് ചവറയിൽ നിന്നും വാങ്ങിയതിനു 174834 /-രൂപ XVFC21-22P-77 പ്രകാരം നൽകിയിരിക്കുന്നു. ഏജൻസീസിന്റെ ബിൽ നം.2/24.03.22 പ്രകാരം 883 ട്യൂബുകൾക്ക് 174.24 രൂപ ക്രമത്തിൽ 153853.92/- രൂപയും നികുതിയിനത്തിൽ 6% SGST 10490.04/- രൂപയും CGST ഇനത്തിൽ 10490.04/- രൂപയും ഉൾപ്പെടെ തുക 174834/-രൂപ നൽകി. എന്നാൽ ബിൽ തുകയായ 153853.92/- രൂപയുടെ 6% 9231/- രൂപയാകുന്നു. നികുതിയിനത്തിൽ 9231/- രൂപ ക്രമത്തിൽ 18462/- രൂപ നൽകേണ്ടിടത്ത് 20980/-(10490x2) രൂപ നൽകിയതു വഴി 2518/- (20980-18462) രൂപ നികുതിയിനത്തിൽ അധികം നൽകി. ഈ ചെലവ് തുക 2518/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.15/27.01.23ന് സി.ആർ. ഏജൻസീസ്, നികുതി തുക സർക്കാരിൽ ഒടുക്കിയതിനാൽ നഷ്ടം ഉണ്ടായില്ല എന്നറിയിച്ചു. ഈ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

1-16 അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തി - 28,81,031/- രൂപയുടെ പദ്ധതി ചെലവ് നിഷ്ഫലമായി

പ്രോജക്റ്റ് നം. 58/22 പി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ.

അടങ്കൽ - 3000000/- മെയിന്റനൻസ് ഫണ്ട്

ചെലവ് - 2881031/-

നിർവഹണം - മെഡിക്കൽ ഓഫീസർ

പി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ കെ.എംസി.എൽ-ന്റെ ഇവോയിസ് നം.1771/ 19.8.21 പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി 2881031/- രൂപയുടെ ബിൽ നം.16/19 -10 -21 ) ട്രഷറിയിൽ നൽകി. ബിൽ പാസാകുകയും തുക ഡെബിറ്റ് ആകുകയും ചെയ്തു. എന്നാൽ ബില്ലിൽ കെ.എം.സി.എൽ-ന്റെ അക്കൌണ്ട് നം. തെറ്റായി രേഖപെടുത്തിയതിനാൽ മരുന്നുകൾ ലഭ്യമായില്ല.

തുക ലഭ്യമായില്ല എന്ന കെ.എം.സിഎൽ-ന്റെ അറിയിപ്പിനെ തുടർന്നു 1/8/22 ന മെഡിക്കൽ ഓഫീസർ ട്രഷറി ഓഫീസർക്കു നൽകിയ കത്തിനു മറുപടിയായി അക്കൌണ്ട് നമ്പർ തെറ്റായതിനാൽ തുക ഗവൺമെൻറ് അക്കൗണ്ടിലേക്കു ക്രഡിറ്റായതായി അറിയിച്ചിരിക്കുന്നു. 22 - 10 - 21-ൽ തന്നെ തുക ക്രഡിറ്റായില്ല എന്നു കെ.എം.സി എൽ അറിയിച്ചിരുന്നതായും പി.എച്ച്.സി യുടെ ഉപയോഗമില്ലാത്ത മെയിൽ അഡ്രസിലാണ് ഇത് അയച്ചിരുന്നെന്നും നോട്ടു ഫയലിൽ കാണുന്നു.

ഹെൽത്ത് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിനു ആവശ്യമായ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമായില്ല എന്നതു കൂടാതെ പദ്ധതിപണം നഷ്ടമാകുകയും ചെയ്തു. ശരിയായ അക്കൗണ്ട് നമ്പർ രേഖപ്പെടുത്താതെ തുക നൽകുകയും, നൽകിയ ശേഷം കെ.എം.സി.എല്ലിൽ നിന്ന് തുക ക്രഡിറ്റായിട്ടില്ല എന്ന് അറിയിച്ചിട്ടും നടപടികൾ സ്വീകരിക്കാതെ മാസങ്ങൾക്കു ശേഷമാണ് ട്രഷറിക്ക് കത്ത് നൽകിയത്. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 3/24.01.23

## 1-17 അക്രഡിറ്റേഷൻ ഇല്ലാത്ത ഏജൻസിക്ക് പ്രവൃത്തി ടെൻഡർ കൂടാതെ നൽകി.

പ്രോജക്റ്റ് നം - 210/22

പി.എച്ച്.സി ലാബിലേക്കും, സ്റ്റോർ റൂമിലേക്കും എ.സി. വാങ്ങൽ

മെയിന്റനൻസ് ഗ്രാൻറ് - 2500000/-

ചെലവ് - 241306/-

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പി.എച്ച്.സിയിലേക്ക് 50000/-രൂപ വീതമുള്ള 5 എ.സികൾ അക്രഡിറ്റഡ് എജൻസികളിൽ നിന്നും വാങ്ങുന്നതിനായിരുന്നു പദ്ധതി, നിർമ്മിതി കേന്ദ്രത്തിനാണ് ടെൻഡർ നടപടികൾ കൂടാതെ പ്രവൃത്തിയുടെ നിർമ്മാണ ചുമതല നൽകിയത്. 4 എ.സികൾ സ്ഥാപിച്ചതിനു അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവത്തികളും പൂർത്തീകരിച്ചതിനു ബിൽ നം. 42/30-3-22 പ്രകാരം 241306 രൂപ നൽകിയിട്ടുണ്ട്. നിർമ്മിതി കേന്ദ്രം ഇലക്ട്രോണിക്സ് സാധനങ്ങൾ നൽകുന്ന അക്രഡിറ്റഡ് ഏജൻസി അല്ല. പ്രവൃത്തിക്ക് നിർമ്മിതി കേന്ദ്രത്തിനു നികുതി ഉൾപ്പെടെയുള്ള ബിൽ തുകയോടൊപ്പം 8 ശതമാനം ഇൻസ്റ്റിറ്റ്യൂഷൻ ഫീസും അതിന്റെ നികുതിയും നൽകിയിട്ടുണ്ട്.

## 1-18 ഗുണഭോക്തൃ വിഹിതം ഒടുക്കു ഉറപ്പാക്കാതെ വാട്ടർ കണക്ഷനു തുക നൽകി.

പ്രോജക്റ്റ് നം. 145/22

ജല ജീവൻ മിഷൻ

വികസന ഫണ്ട് - 5,61,000/-

തനതു ഫണ്ട് - 421500/-

ഗുണ. വിഹിതം - 655000/-

ആകെ - 1637500/-

ചെലവ് - 561000/-

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് ജല ജീവൻ മിഷന് തുക ഒടുക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. വികസനഫണ്ട്, തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവ വകയിരുത്തിയെങ്കിലും വികസന ഫണ്ട് - 561000/- രൂപ മാത്രമാണ് പദ്ധതിക്കായി ജലജീവൻ മിഷനിൽ ഒടുക്കിയത്. ഇത് ക്രമവിരുദ്ധമാണ്. വിവിധ ഫണ്ടുകൾ ആനുപാതികമായി മാത്രം ചെലവഴിക്കേണ്ടതാണ്.

## 1-19 വെള്ളക്കരം ഒടുക്ക് തുക അടുത്ത ഡിമാന്റിൽ കുറവു ചെയ്യുന്നില്ല.

പ്രോജക്റ്റ് നം. 43/22
പൊതു ടാപ്പുകളുടെ വെള്ളക്കരം
മെയിന്റനൻസ് ഫണ്ട് - 1010715/-
തനതു ഫണ്ട് - 202143/-
സി.എഫ്.സി- 808572/-
നിർവഹണം - സെക്രട്ടറി

പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരമായി 202143 രൂപ മാസം തോറും ഒടുക്ക വരുത്തുന്നുണ്ട്. 440 ടാപ്പുകൾക്ക് 5512.5 രൂപ/- വർഷം നിരക്കിലാണ് വാട്ടർ അതോറിറ്റി ബിൽ നൽകുന്നത്. തൻമാസത്തെ ഡിമാന്റ് തുക മാത്രമാണ് പഞ്ചായത്ത് ഒടുക്കവരുത്തുന്നത്. മുൻ ബാക്കി , ഫൈൻ, തൻ മാസത്തെ ഡിമാൻ്റ് ഇവ ചേർന്ന ബില്ലാണ് വാട്ടർ അതോറിറ്റി നൽകുന്നത്. എന്നാൽ 01/ 2022 മുതലുള്ള ഡിമാന്റ് തുകയിൽ മുൻ മാസത്തെ ഒടുക്ക തുക കുറവു ചെയ്യാതെയാണ് ഡിമാന്റ് ബിൽ നൽകുന്നത്.
പഞ്ചായത്തിലെ യഥാർത്ഥ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി നിജപ്പെടുത്തിയിട്ടില്ല. പി 2/904/20-21 തീ 2.7.21 പ്രകാരം അസി.സെക്രട്ടറി വാട്ടർ അതോറിറ്റിക്കു കത്തു നൽകിയിട്ടുണ്ടെങ്കിലും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ബിൽ തുകയിലെ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഡിമാന്റ് | ഒടുക്ക് തുക | റിമാർക്സ് | വാട്ടർ അതോറിറ്റിയുടെ ബിൽ വിവരം |
|---|---|---|---|---|
| 12/21 | നം-58623<br>തുക – 451264/- | 404286<br>(VIFC21-22P21/6-1-22 | 2 മാസത്തെ ഡിമാന്റ്<br>ഫൈൻ ഉൾപ്പെടെ | ഒ.ബി. - 244252/-<br>പിഴപ്പലിശ- 4869/-<br>തൻമാസ<br>ഡിമാന്റ് - 202143/-<br>ആകെ- 451264/- |
| 1/22 | നം-59508<br>തുക- 662335/- | 202143/-<br>(VIFC21-22P19/22-1-22 | മുൻമാസ ഡിമാന്റ് -202143-<br>ഒടുക്ക തുക കുറവു<br>ചെയ്യാതെയാണ്<br>തൻമാസ ഡിമാന്റ് | ഒ.ബി. - 451264/-<br>പിഴപ്പലിശ- 8928/-<br>തൻമാസ<br>ഡിമാന്റ് - 202143/-<br>ആകെ- 662335/- |
| 2/22 | നം-60563/11-2-22<br>തുക- 671360/- | 202143/<br>(VIFC21-22 P33/17-222 | 12/21 ലെ ഒരു ഗഡു<br>(202143) ഒടുക്ക<br>തുക മാത്രമാണ്<br>കുറവു ചെയ്തിട്ടുള്ളത്. | ഒ.ബി. - 460192/-<br>പിഴപ്പലിശ- 9025/-<br>തൻമാസ<br>ഡിമാന്റ് – 202143/-<br>ആകെ- 671360/- |

ഒടുക്ക് വരുത്തിയ തുകകൾ ഡിമാന്റിൽ കുറവ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 വാങ്ങിയ വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല.

പ്രോജക്ട് നം. 143/22
അങ്കണവാടിക്ക് വസ്തു വാങ്ങൽ (അടങ്കൽ-150000/- സി.എഫ്.സി.)
സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ഈ പദ്ധതി പ്രകാരം ബിൽ നം.28/ 15.03.22 മുഖേന 150000/-രൂപ ചെലവഴിച്ച് 1.21 ആർ വസ്തു 28-ാം നമ്പർ അങ്കണവാടിക്ക് വേണ്ടി വിലയാധാരമായി വാങ്ങിയിരിക്കുന്നു. പെരിനാട് വില്ലേജിൽ സർവേ നം. 585/8 പെട്ട വസ്തുവാണ് വാങ്ങിയിരിക്കുന്നത്. ടി വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/28/1/23 ന് സചിത്ര സൈറ്റ് ഓൺ ലൈൻ ആക്കുന്നതിന്റെ ഭാഗമായി ഡേറ്റാ എൻട്രി നടത്തുവാൻ സാധിക്കുന്നില്ല എന്ന മറുപടി ലഭ്യമാക്കി. ആസ്തി രജിസ്റ്ററിൽ വസ്തു ഉൾപ്പെടുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

### 1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റ് നം പേര് | തുക കൈപ്പറ്റിയ സ്ഥാപനം | നൽകിയ തുക | ബിൽ നം./ചെക്ക് നം,തീയതി |
|---|---|---|---|---|
| 1 | 147/22,കുഴൽ കിണർ സ്ഥാപിക്കൽ വികസന ഫണ്ട്-1161928 | ഭൂജല വകുപ്പ് | 792838/- | ബിൽ നം-29/ 15.03.2022 |
| 2 | 146/22,ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് തനതു ഫണ്ട്-150000 | കെ.എസ്.ഇ.ബി. കുണ്ടറ | 20049/-<br>24140/-<br>15052/-<br>32693/- | ചെക്ക്നം.903809/18-8-21<br>ചെക്ക്നം.916166/17-11-21<br>ചെക്ക്നം.916236/19-3-22<br>ചെക്ക്നം.36693//23-3-22 |
| 3 | 86/22പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 225608(സി.എഫ്.സി) | കേരളാ വാട്ടർ അതോറിറ്റി-കൊല്ലം | 225608/- രൂപ | XVFCP22/24.01.22 |
| 4 | 209/22-ഇടവട്ടം പാടശേഖര സമിതിക്കു-കുഴൽ കിണർ 130718(സി.എഫ്.സി) | ഭൂജല വകുപ്പ് | 130718/- | ട്രഷറി റഫ്.നം412/1103-22. |
| 5 | ജീവനം വിഹിതം നൽകൽ 100000(സി.എഫ്.സി) | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | 100000/- രൂപ | ബിൽ നം-61/17.2.22<br>XVFC/2021-22/p/4, 30.12.21 |
| | | ആകെ | 1341098/- | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത തിനാൽ ചെലവ് തുക 1341098/- രൂപ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രവും പ്രോജക്ടിന്റെ പൂർത്തീകരണ വിവരവും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 14/28.1.2023

തടസ്സം – 1341098/-

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നികുതിയിനത്തിലെ നിരക്ക് വ്യത്യാസം-അധിക ചെലവ് തുക നിരാകരിക്കുന്നു.

പ്രോജക്റ്റ് നം.217/22

തെരുവു വിളക്കുകൾക്ക് എൽ.ഇ.ഡി. ട്യൂബ് വാങ്ങൽ

അടങ്കൽ - 175000/- CFC

ചെലവുതുക - 174834/-

നിർവ്വഹണം – സെക്രട്ടറി

പദ്ധതി പ്രകാരം 883 ട്യൂബുകൾ സി.ആർ. ഏജൻജീസ് ചവറയിൽ നിന്നും വാങ്ങിയതിനു 174834/-രൂപ XVFC21-22P-77 പ്രകാരം നൽകിയിരിക്കുന്നു. ഏജൻസീസിന്റെ ബിൽ നം.2/24.03.22 പ്രകാരം 883 ട്യൂബുകൾക്ക് 174.24/- രൂപ ക്രമത്തിൽ 153853.92/- രൂപയും നികുതിയിനത്തിൽ 6% SGST 10490.04/- രൂപയും CGST ഇനത്തിൽ 10490.04/- രൂപയും ഉൾപ്പെടെ തുക 174834/- രൂപ നൽകി. എന്നാൽ ബിൽ തുകയായ 153853.92/- രൂപയുടെ 6% 9231/- രൂപയാകുന്നു. നികുതിയിനത്തിൽ 9231/- രൂപ ക്രമത്തിൽ 18462/- രൂപ നൽകേണ്ടിടത്ത് 20980/- (10490x2) രൂപ നൽകിയതു വഴി 2518/- (20980-18462) രൂപ നികുതിയിനത്തിൽ അധികം നൽകി. ഈ ചെലവ്തുക 2518/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.15/27.01.23ന് ഏജൻസീസ് നികുതി തുക സർക്കാരിൽ ഒടുക്കിയതിനാൽ നഷ്ടം ഉണ്ടായില്ല എന്നറിയിച്ചു. ഈ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 19-01-23, 20-01-23 | കെ.എസ്.എ.കെ.എൽ.എം.പി.4/261/23 തീയതി. 31.03.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 277998 | സമഗ്ര നെൽകൃഷി വികസം (പ്രൊ.നം. 3/22) | 277998 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50,000 | പാലിയേറ്റീവ് കെയർ (പ്രൊ.നം. 56/22) | 50,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 15,500 | ബയോഫ്ളക്ക് (പ്രൊ.നം. 153/22) | 15,500 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 7,00,000 | ലൈഫ് ജനറൽ (പ്രൊ.നം. 59/22) | 7,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രൊ.നം. 7/22) | 1,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000 | അങ്കണവാടി പോഷകാഹാര പദ്ധതി (പ്രൊ.നം. 12/22) | 1,00,000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 985380 | വെള്ളിമൺ പ്ലാമുക്ക് ഇടക്കരപള്ളി കായൽവാരം റോഡ് റീടാറിംഗ് (പ്രൊ.നം. 104/22) | 985380 | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 4912593 | വെള്ളിമൺ നേതാജി ജംഗ്ഷൻ മുതൽ ചെറുകുളത്ത് ടൈൽ ഫാക്ടറി വരെ റോഡ് റീടാറിംഗ് സൈഡ് ഭിത്തി നിർമ്മാണം (പ്രൊ.നം. 105/22) | 4912593 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 157083 | ബി.ആർ.സി. പ്രവർത്തനം (പ്രൊ.നം. 137/22) | 157083 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 107703 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊ.നം. 34/22) | 107703 | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 277998 | സമഗ്ര നെൽകൃഷി വികസനം (പ്രൊ.നം. 3/22) | 277998 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 12746 | മത്സ്യകൃഷി-പട്ടുതാകുളം (പ്രൊ.നം. 152/22) | 12746 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രൊ.നം. 7/22) | 1,00,000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (SO) (പ്രൊ.നം. 109/22) | 1,00,000 | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണർ നിർമ്മാണം | ബിൽ നം-29/ 15.03.2022 | 792838/- | 0 | 792838/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഇടവട്ടം പാടശേഖരത്തിന് ജലസേചനത്തിനായി കുഴൽ കിണർ നിർമ്മാണം | ട്രഷറി .റഫ.നം.412/11-3-22 | 130718/- | 0 | 130718/- |
| വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ | (ബിൽ നം24/16-3-21) | 561000/- | 0 | 561000/- |
| വാട്ടർ അതോറിറ്റി | നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFCP22/24.01.22 | 225608 | 0 | 225608 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | ചെക്ക്നം. 903809/18-8-21 ചെക്ക്നം. 916166/17-11-21 ചെക്ക്നം. 916236/19-3-22 ചെക്ക്നം. 36693//23-3-22 | 20049 24140 15052 32693 | 0 | 91934 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 491406/- രൂപ ചെലവഴിച്ചിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി.ലോൺ | സ.ഉ.(സാ.ധാ.)2278/ത.സ്വ.ഭ.വ. തീയതി. 18.08.18 | ഠ/- | 19106073/- | 3050667/- | - | 16055406/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3.17.1 | ഖാദിവ്യവസായ സഹകരണ സംഘത്തിന് തുക അനുവദിച്ചത് | ഇതുമായി ബന്ധപ്പെട്ട് 2.12.10 ൽ WP(cc) 39831/10 നം. കേസ് നിലവിലുള്ളതിനാൽ റവന്യൂറിക്കവറി നടപടി സ്വീകരിക്കുവാൻ സാധിക്കുന്നില്ല. |
| 2003-04 | 3-18, 3-20, 3-22 | 2007-08 | 3(6)(2), 3(7)(1) | റോഡ് നിർമ്മാണം തുക അധികം നൽകിയത് (3-18, 3-20), കോളനിപ്രദേശങ്ങളിലെ മണ്ണ് സംരക്ഷണം പ്രോജക്ടിന് വിരുദ്ധമായി തുക ചെലവഴിച്ചത്(3-22). | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2005-06 | 3-24, 3-25 | 2007-08 | 3.6.2 | റോഡ് നിർമ്മാണം തുക അധികം നൽകിയത് (പൊതുപരാമർശം) | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-11 | 2008-09 | 3.5.3 | ബാന്റ്ഗ്രൂപ്പ് രൂപീകരണവും ക്രമവിരുദ്ധമായ ചെലവും | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2,2-3, 2-4 | 2016-17 | അനുബന്ധം | തൊഴിൽനികുതി പൂർണ്ണമായും പിരിച്ചെടുക്കാത്തത് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2518 | ശ്രീ. ബാബുരാജ് , സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1- 14 | 8985 | ശ്രീമതി മല്ലിക, ഐെ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-21 | 1341098 | ശ്രീ.ബാബുരാജ്, സെക്രട്ടറി |

(ബി)കേന്ദ്ര- സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബുരാജ് (സെക്രട്ടറി) | സെക്രട്ടറി (പെരിനാട് ഗ്രാമപഞ്ചായത്ത്) | നികേതം, പെരുമ്പുഴ പി.ഒ. |
| ശ്രീമതി മല്ലിക, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സി.ഡി.പി.ഒ. അഞ്ചാലുമ്മൂട് | ഇലവൂർ കിഴക്കതിൽ വീട്, പുനക്കന്നൂർ , പെരുമ്പുഴ പി.ഒ. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി4/441(1)/18 /6-4-18 | 2 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി4/441(2)/18 /6-4-18 | 1 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി4/441(3)/18 /5-4-18 | 3 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി4/441(5)/18 /5-4-18 | 5 |
| 2002-03 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 6 |
| 2003-04 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 20 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി4/441(6)/18 /6-4-18 | 3 |
| 2005-06 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 25 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി4/780(1)/19, 07.06.19 | 16 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി4/780(2)/19, 07.06.19 | 6 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി4/780(3)/19, 07.06.19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി4/780(4)/19, 07.06.19 | 4 |
| 2010-11 2011-12 | കെ.എസ്.എ.കെ.എൽ.എം.പി4/779/അദാലത്ത്/ 2010-11,11-12/22, 20.08.22 | 6 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി4/779/അദാലത്ത്/ 2012-13/22, 20.08.22 | 5 |
| 2013-14&14-15 | കെ.എസ്.എ.കെ.എൽ.എം.പി4/779/അദാലത്ത്/ 2013-14,14-15/22, 20.08.22 | 15 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി4/779/അദാലത്ത്/ 2015-16/22, 20.08.22 | 5 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.4-1615/17/28.03.18 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.4-1804/18, തീയതി - 06.02.19 / 15.03.19 | 10 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.4-981(1)/19/02.08.2019 | 38 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.4-767/21/ 4.07.21 | 30 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി.4-1335/2022,29.07.22 | 28 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്